(ബി ആന്റ് സി) എം.ജി.പി.-യുടെ ഭാഗമായി WATSAN സെക്ടറിൽ 8 ഉദ്യമങ്ങൾക്കുള്ള വിശദമായ പ്രവർത്തന പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്. ഈ ഉദ്യമങ്ങൾ താഴെ കൊടുക്കുന്നു:

1. വാട്ട്സൺ ഏകീകരണം.
2. ജലവിഭവനയ ഭേദഗതി.
3. ജലവിഭവ മേഖലയിൽ WATSAN യൂണിറ്റിന്റെ വിന്യാസവും ശാക്തീകരണവും.
4. മഴവെള്ള സംഭരണം.
5. ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിലെ പ്രത്യേക പദ്ധതികൾ.
6. പുറമ്പോക്ക് നിവാസികൾക്കായി വാട്ട്സൺ സൗകര്യങ്ങൾ നടപ്പാക്കൽ.
7. വാട്ട്സൺ സേവനങ്ങൾക്ക് ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ചുള്ള പഠനങ്ങൾ.
8. ജനപങ്കാളിത്തത്തോടുകൂടി വെള്ളക്കിണർ സംരക്ഷണം.

വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണി

88 [251] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, കെ. പി. വിശ്വനാഥൻ:
,, ഇ. എം. അഗസ്തി:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ പൊട്ടിയാൽ അത് നന്നാക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് അറിയിക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിൽ ഈഞ്ചയ്ക്കൽ, ബൈപാസ് ജംഗ്ഷൻ, പെരുന്താനി കൃഷി വകുപ്പ് ആഫീസിനു മുൻവശം, വള്ളക്കടവ്, ഗാന്ധിനഗർ തുടങ്ങിയ സ്ഥലങ്ങളിൽ 2004-ൽ പൈപ്പ് പൊട്ടിയതിനെപ്പറ്റി വാട്ടർ അതോറിറ്റിക്ക് വിവരം കിട്ടിയത് എന്നാണ് എന്ന് വ്യക്തമാക്കാമോ;

(സി) എത്ര കാലം ഈ സ്ഥലങ്ങളിൽ പൈപ്പ് പൊട്ടി വെള്ളം നഷ്ടപ്പെടുന്ന നിലയിൽ കിടന്നു എന്നു വെളിപ്പെടുത്തുമോ;

(ഡി) ഇത്രയുംകാലം പൈപ്പ് പൊട്ടി വെള്ളം ചോർന്നതു കാരണം അവിടങ്ങളിൽ കുടിവെള്ളം മലിനപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്രകാരം പൈപ്പു പൊട്ടി വെള്ളം ചോർന്നു പോകുന്നതിനും കുടിവെള്ളം മലിനപ്പെടുന്നതിനുമുള്ള സാഹചര്യം സംജാതമായത് എന്തു കൊണ്ട് എന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നന്നാക്കാനുള്ള ഉത്തരവാദിത്വം കേരള വാട്ടർ അതോറിറ്റിക്കാണ്.

(ബി) ഈഞ്ചയ്ക്കൽ, ബൈപാസ് ജംഗ്ഷനിൽ പൈപ്പ് ലീക്കുള്ളതായി 18-3-2004-ലും ഗാന്ധിനഗറിലും പെരുന്താനി കൃഷി വകുപ്പ് ഓഫീസിന് മുൻവശത്തും പൈപ്പ് ലൈനിൽ നിന്നും (ചെറിയ ലൈൻ) വെള്ളം ലീക്കു ചെയ്യുന്നതായി 20-3-2004-ലും വിവരം കിട്ടി.

(സി) ഈഞ്ചയ്ക്കൽ, ബൈപാസ് ജംഗ്ഷനിലെ ചോർച്ച 20-3-2004-ലും പെരുന്താനി കൃഷി വകുപ്പ് ഓഫീസിന് മുൻവശം വള്ളക്കടവ്, ഗാന്ധിനഗർ തുടങ്ങിയ സ്ഥലങ്ങളിലെ ചെറിയ ചോർച്ചകൾ വിവരം ലഭിച്ച മുറയ്ക്കും തീർത്തു. എല്ലാ ലീക്കുകളും 22-3-2004-ൽ തീർത്തു.

(ഡി) ഇല്ല.

(ഇ) പൈപ്പുകളുടെ കാലപ്പഴക്കവും കേബിൾ ഇടുന്നതിന് റോഡ് കുഴിക്കുന്നതും വലിയ വാഹനങ്ങൾ ഈ സ്ഥലത്തുകൂടി പോകുന്നതും പൈപ്പുകൾ പൊട്ടുന്നതിന് കാരണമായിട്ടുണ്ട്.

ഉടുമ്പൻചോല മണ്ഡലത്തിലെ വാട്ടർ അതോറിറ്റിയുടെകീഴിലുള്ള വിവിധ പദ്ധതികൾ

89 [252] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ എത്ര പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ നിർമ്മാണം പൂർത്തീകരിച്ചത് ഏതെല്ലാമാണ്;

(സി) നിർമ്മാണത്തിൽ ഇരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) നിർമ്മാണത്തിൽ ഇരിക്കുന്ന പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 25 പദ്ധതികൾ.

(ബി) എട്ടൂർ ഹരിജൻ കോളനി, രാജക്കാട്-രാജകുമാരി, ശാന്തൻപാറ, ഉടുമ്പൻചോല, പാറത്തോട്, കൽക്കുന്തൽ, നെടുങ്കണ്ടം-പാമ്പാടുമ്പാറ, പൊന്മങ്കാണിമേട്, ചക്കക്കാനം, പത്തിനിപ്പാറ, പാമ്പാടുമ്പാറ-പുതുക്കാട്, കാഞ്ചിയാർ-പുതുക്കാട്, മേരികുളം, ചെന്നിനായ്ക്കൻകുടി, കുളന്തുമേട്, പുളിയൻമല, വണ്ടൻമേട്, പുറ്റടി, ചക്കുപള്ളം-പെരിയാർ വില്ലേജുകൾ എന്നീ കുടിവെള്ള പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly